LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി ബോർഡിന്റെ ലോഡ് ഡെസ്പാച്ച് സെന്ററുകൾ

19 [3158] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ 24 മണിക്കൂറും പ്രവർത്തിക്കുന്ന ലോഡ് ഡെസ്പാച്ച് സെന്ററുകൾ എവിടെയെല്ലാം പ്രവർത്തിക്കുന്നു എന്ന് അറിയിക്കാമോ;

(ബി) ഓരോ സെന്ററുകളും പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ ജീവനക്കാരുടെ എണ്ണം വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്;

(ഡി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കളമശ്ശേരിയിൽ സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സ്റ്റേഷനും, കണ്ണൂർ, കളമശ്ശേരി, തിരുവനന്തപുരം എന്നിവിടങ്ങളിൽ സബ് ലോഡ് ഡെസ്പാച്ച് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ കളമശ്ശേരിയിലെ സ്റ്റേറ്റ് ലോഡ് ഡെസ്പാച്ച് സ്റ്റേഷനും, തിരുവനന്തപുരത്തെ സബ് ലോഡ് ഡെസ്പാച്ച് സ്റ്റേഷനും ഇപ്പോൾ പ്രവർത്തനക്ഷമമാണ്.

(ബി, സി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

ട്രാൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ ലൈനുകളുടെ മെയിന്റനൻസ്

20 [3159] ശ്രീ. ലൂഡി ലൂയിസ്:
,, അടൂർ പ്രകാശ്:
,, കെ. ബാബു:
,, എൻ. ഡി. അപ്പച്ചൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996-2001 കാലത്ത് നിലവിലുണ്ടായിരുന്ന ട്രൻസ്മിഷൻ ഡിസ്ട്രിബ്യൂഷൻ ലൈനുകളുടെ എത്ര ദൂരം പുതുക്കണമെന്നും മെയിന്റനൻസ് നടത്തണമെന്നും പദ്ധതിയിട്ടിരുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) അതിൽ എത്രദൂരം പുതുക്കുകയും മെയിന്റനൻസ് നടത്തുകയും ചെയ്തു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി) 1996-2001 കാലത്ത് ലൈനുകൾ പുതുക്കുന്നതിന് പ്രത്യേകമായി പദ്ധതിയിട്ടിരുന്നില്ല. എന്നാൽ നിലവിലുള്ള എല്ലാ ലൈനുകൾക്കും ആവശ്യമായ മെയിന്റനൻസ് നടത്തി വരുന്നുണ്ട്.

† ലൈബ്രറിയിൽ വെച്ചിട്ടുണ്ട്.